**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്- പഞ്ചായത്ത് ഭരണ സമിതിയുടെ 01.03.2018 ലെ 7/1, 13.03.2018ലെ 9/1 നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2549/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/10/2018

---

പരാമർശം:- 1 വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 01.03.2018 ലെ 7/1 നമ്പർ തീരുമാനം.

2 വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 13.03.2018 ലെ 9/1 നമ്പർ തീരുമാനം.

3 വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2018 ലെ ബി2-2678/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് വെങ്ങപ്പള്ളി വില്ലേജിൽ റീ സർവേ നമ്പർ 430/31ൽപ്പെട്ട സ്ഥലത്ത് ആരാധനാലയം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി നസ്രുത്തുൽ ഇസ്ലാം സംഘം സെക്രട്ടറി വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻപാകെ സമർപ്പിച്ച അപേക്ഷ മതപരമായ ആവശ്യങ്ങൾക്കുള്ള കെട്ടിടമായതിനാൽ ബഹു. ജില്ലാ കളക്ടറുടെ അനുമതിയ്ക്കായി അയച്ചെങ്കിലും ,പരാമർശ സ്ഥലം കാർഷികാവശ്യങ്ങൾക്ക് പതിച്ചു നൽകിയിട്ടുള്ള സർക്കാർ ഭൂമിയായതിനാൽ മറ്റ് ആവശ്യങ്ങൾക്ക് പ്രസ്തുത ഭൂമി ഉപയോഗിക്കുന്നത് നിയമപരമല്ല എന്ന് കാരണത്താൽ അപേക്ഷ നിരസിച്ചിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷയും ബഹു. ജില്ലാ കളക്ടറുടെ കത്തും ഭരണസമിതി ചർച്ച ചെയ്യുകയും പ്രസ്തുത സ്ഥലത്തും ഇത്തരത്തിലുള്ള മറ്റ്

സ്ഥലങ്ങളിലും കെട്ടിടനിർമ്മാണാനുമതി നൽകേണ്ടതാണെന്ന് പരാമർശം (1) പ്രകാരം തീരുമാനമെടുത്തതിനാൽ ടി തീരുമാനം പുനരവലോകനം ചെയ്യുന്നതിന് സെക്രട്ടറി ഭരണസമിതിക്ക് സമർപ്പിച്ചെങ്കിലും മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിന് പരാമർശം (2) പ്രകാരം വീണ്ടും തീരുമാനിക്കുകയുണ്ടായെന്നും ആയതിനാൽ അത് സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർ നടപടികൾക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത വിഷയം പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക് റഫർ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെങ്ങപ്പള്ളി ഗ്രാമപ്പഞ്ചായത്തിൽ 430/31 ഉൾപ്പെടെയുള്ള സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട സ്ഥലവും കാർഷികാവശ്യത്തിനായി പതിച്ചു നൽകിയ ഭൂമിയാണെങ്കിലും പ്രസ്തുത സ്ഥലങ്ങളിൽ ധാരാളം ആളുകൾ വീടുൾപ്പെടെയുള്ള കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതിനാലും ടി സ്ഥലങ്ങളിൽ കെട്ടിടനിർമ്മാണം നിരസിക്കുന്നത് ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുമെന്നും നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടറുടെ അനുമതി ആവശ്യമില്ലാത്ത വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകണമെന്ന് ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ കാർഷികാവശ്യത്തിന് പതിച്ചു നൽകിയ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിയമമില്ലാത്തതാണ്. കൂടാതെ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് 25/7/2005ലെ ജി.ഒ.(പി)നം.217/2005/ആഭ്യന്തരം പ്രകാരം ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്.

മേൽ സാഹചര്യത്തിൽ ,പരാമർശം (1), (2) പ്രകാരമുള്ള ഭരണസമിതി തീരുമാനങ്ങൾ സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്, പിണങ്ങോട് പി ഒ, വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള , തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ